ലൂക്ക. 1:26 - 38

നവംബർ 26: ദൈവമാതാവിനോടുള്ള അറിയിപ്പ്

ഭാഷ്യം

I. സന്ദർഭം

ഏറ്റവും വലിയ സദ്വാർത്തയുടെ, ദൈവം മനുഷ്യരിൽ ഇടപെടുന്നതിന്റെ, അനന്യത പ്രകടമാക്കുന്ന ഒന്നാണ് മംഗളവാർത്തയുടെ പാഠഭാഗം. പഴയനിയമത്തിന്റെ തുടർച്ചയും എന്നാൽ അതിലെ പരമ്പരാഗത സങ്കൽപ്പങ്ങളുടെ പൊളിച്ചെഴുത്തും വ്യക്തമാക്കുന്ന രീതിയിലാണ് അവതരണം. യോഹന്നാന്റെ ജനനത്തെ കുറിച്ചുള്ള അറിയിപ്പ് ദൈവാലയം പുരുഷ കേന്ദ്രീകൃതമാണെങ്കിൽ, യേശുവിന്റെ മനുഷ്യാവതാര അറിയിപ്പ് ഒരു വീടിന്റെ അകത്തളങ്ങളിൽ ഒരു സ്ത്രീ കേന്ദ്രീകൃത ശൈലിയിൽ ആണ്. യേശുവും യേശുവിന്റെ സദ്വാർത്തയും വലിയ ഒരു പൊളിച്ചെഴുത്തിനുള്ള പുറപ്പാടാണെന്ന് സൂചന.

II. പ്രമേയം

പുറപ്പാട് കാലത്ത് ജനങ്ങളോടൊപ്പം കൂടാരങ്ങളിൽ വസിച്ച ദൈവത്തെ ദേവദാരുകൊണ്ട് നിർമിച്ച ദൈവാലയത്തിലാക്കാൻ ശ്രമിച്ച ദാവീദിനെ തടയുന്ന ചിത്രം നാം 2. സാമു. 7:1-10 വാക്യങ്ങളിൽ വായിക്കുന്നുണ്ട്. എന്നാൽ പിന്നീട് സോളമനും തുടർന്നുള്ള രാജാക്കന്മാരും അധികാര വൃന്ദങ്ങളും ദൈവത്തെ അവരുടെ ദൈവാലയത്തിൽ ഒതുക്കി സ്വന്തമാക്കാൻ ശ്രമിച്ചു; സാധാരണ ജനത്തിന് അപ്രാപ്യനാക്കി. ഇതാ ഇവിടെ അതു വീണ്ടും തിരുത്തപ്പെടുന്നു. സമൂഹം അധികം വില കൊടുക്കാത്ത ഒരു സ്ത്രീയുടെ കുടിലിലേക്ക് ദൈവം കടന്നു വരുന്നു, അവളുടെ അനുവാദം തേടി. സദ്വാർത്തയിൽ നിന്ന് ആരും അന്യമാക്കപ്പെടുന്നില്ല; അത് ഏവർക്കും പ്രാപ്യമാണെന്നു പാഠം.

III. സന്ദേശം

1. മംഗളവാർത്ത വ്യക്തി കേന്ദ്രീകൃതമാണ്. രണ്ടു വ്യക്തികളെ സംബന്ധിച്ച അറിയിപ്പാണ് ഇവിടെയുള്ളത്. ദൈവകൃപ നിറഞ്ഞവളും കർത്താവ് കൂടെയുള്ളവളുമാണ് മറിയം (1:28). യോഹന്നാന്റെ ജനനത്തെ കുറിച്ചുള്ള അറിയിപ്പിൽ സഖറിയാ - എലിസബത്ത് ദമ്പതികളുടെ ജീവിത വിശുദ്ധിയും നീതിനിഷ്ഠയും ദൈവം അവരുടെ പ്രാർത്ഥന കേൾക്കാൻ കാരണമായി അവതരിപ്പിക്കുന്നുണ്ട്. എന്നാൽ ഇവിടെ അത്തരത്തിലുള്ള യാതൊരു പരാമർശവും

മറിയത്തേക്കുറിച്ചില്ല. അവൾ ഒരു സാധാരണ പെൺകുട്ടി. അവൾ എന്തെങ്കിലും പ്രാർത്ഥിച്ചതായോ, പ്രത്യേക സ്വഭാവ വിശുദ്ധിയുള്ളതായോ ഒന്നും നമുക്കറിയില്ല. അതിനർത്ഥം, ദൈവത്തിന്റെ ഇടപെടലിന് ജീവിതചര്യയുമായോ, സ്ഥാനമാനങ്ങളുമായോ ബന്ധമില്ലെന്നാണ്. ദൈവത്താൽ അയക്കപ്പെടുന്ന മാലാഖ എന്നത് ദൈവത്തിന്റെ ഔദാര്യപൂർണ്ണമായ, നിരുപാധികമായ പ്രവർത്തിയാണ്. ദൈവത്തിനോ, അവന്റെ പ്രവർത്തനങ്ങൾക്കോ വേലിക്കെട്ടുകളോ, പരിധിയും പരിമിതിയും തീർക്കാൻ ആർക്കും കഴിയില്ല. പ്രത്യേക മാനദണ്ഡങ്ങളോ പരിഗണനകളോ ഇല്ലാതെ ദൈവത്തിന് മനുഷ്യാവസ്ഥകളിലേക്ക് കടന്നുവരാം.

2. രണ്ടാമത്തെ അഭിവാദനം യേശു എന്ന വ്യക്തിയെ കേന്ദ്രീകരിച്ചാണ്. സ്നാപകന്റെ പിറവിയുടെ വാർത്ത അറിയിക്കുമ്പോൾ അവൻ എങ്ങനെ ജീവിക്കും.... ലഹരി ഉപയോഗിക്കാതെ... തുടങ്ങി, അവൻ എന്തു ചെയ്യും എന്നൊക്കെ പറയുന്നുണ്ട്. എന്നാൽ യേശുവിനെക്കുറിച്ചുള്ള പരാമർശങ്ങൾ ഏറെ വേറിട്ടതാണ്. ദൈവത്തിന്റെ പുത്രനാണ്, യേശു എന്ന പേരിലറിയപ്പെടും, ദാവീദിന്റെ സിംഹാസനത്തിൽ എന്നേക്കും ഭരണം നടത്തും, അവന്റെ രാജ്യം സാർവത്രികമായിരിക്കും... എന്നിങ്ങനെ, തികച്ചും യേശു ആരെന്ന വെളിപ്പെടുത്തലാണ് ഇവിടെ. ഈ മംഗളവാർത്തക്കാലത്ത് യേശു എന്ന വ്യക്തിയെ അടുത്തറിയാനുള്ള ശ്രമം നമുക്ക് തുടരാം.

3. ഇന്നും, നമുക്ക് മനസ്സിലാക്കാൻ സാധിക്കാത്ത ഒന്നാണ് മംഗളവാർത്തയിലെ മാലാഖയുടെ വിശദീകരണം. പുരുഷ സംസർഗമില്ലാതെ ഗർഭം ധരിക്കുന്നതിനെപ്പറ്റി പറഞ്ഞതെല്ലാം അപ്പാടെ മനസ്സിലാക്കാൻ മറിയത്തിനും കഴിഞ്ഞിരിക്കില്ല. പക്ഷേ മറിയം പ്രത്യുത്തരിച്ചു: "നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ." അങ്ങനെ പറയാൻ മറിയത്തെ പ്രേരിപ്പിച്ചത് ഒരുവേള, മാലാഖ പറഞ്ഞ അവസാനത്തെ വാചകമാകാം. അത് ഏതൊരു മനുഷ്യനും, ഏതൊരു വിശ്വാസിക്കും ഗ്രഹിക്കാൻ സാധിക്കുന്നതാണ്. ദൈവത്തിന് അസാധ്യമായി ഒന്നുമില്ല (1:37). വിശ്വാസത്തിന്റെ കാതൽ ആണിത്. ദൈവം സർവത്തിന്റെയും ഉടയവനും നാഥനുമാണ്. ഒന്നും അസാധ്യമല്ലാത്ത ദൈവത്തിന്റെ കരങ്ങളിലേക്ക് അവിടുത്തെ പദ്ധതികളിലേക്ക് മറിയത്തെപ്പോലെ നിരുപാധികം 'അതെ' പറയുവാൻ കഴിഞ്ഞാൽ നാം രക്ഷപ്പെട്ടു.

ഡോ. ജേക്കബ് മൂല്ലൂർ

പ്രസംഗം

വരങ്ങൾ നിറഞ്ഞ മറിയത്തിന്റെ ഭാഗ്യജീവിതം

സഭ ഇന്ന് വചനിപ്പു പെരുനാൾ ആഘോഷിക്കുന്നു. ഇന്ന് മാധ്യമദിനം കൂടിയാണ്. ഭൂമിക്ക് ദൈവം നൽകിയ ഏററവും വലിയ സന്തോഷത്തിന്റെ

സന്ദേശം ഇന്നത്തെ വചനഭാഗത്ത് നാം കണ്ടുമുട്ടുന്നു. ലളിതാംബിക അന്തർജ്ജനത്തിന്റെ അഗ്നിസാക്ഷി എന്ന നോവലിലെ കഥാപാത്രം പ. മറിയത്തിന്റെ പ്രതിമ ചൂണ്ടിക്കാട്ടി ഇങ്ങനെ പറയുന്നുണ്ട്, "ക്രിസ്തുദേവന്റെ അമ്മയായ മറിയത്തിന്റെ പ്രതിമയാണ് അത്. ലോകത്തിലെ ഏറ്റവും ഭാഗ്യം നിറഞ്ഞ സ്ത്രീയാണ് അവൾ. കാരണം ലോകത്തിനു വേണ്ടി ജീവൻ കൊടുത്ത ഒരു മകനുണ്ടല്ലോ അവൾക്ക്." ദൈവത്തിന്റെ ദൂതനായ ഗബ്രിയേലും മറിയത്തെ ഭാഗ്യവതിയായി സംബോധന ചെയ്യുന്നു. പക്ഷെ ഭാഗ്യത്തെക്കുറിച്ചുള്ള നമ്മുടെ ധാരണകളെ അതിലംഘിക്കുന്ന ചില വെളിപാടുകളിലേക്കാണ് പരിശുദ്ധ മറിയത്തിലൂടെ ഇന്ന് സഭ നമ്മെ നയിക്കുന്നത്.

ദൈവം പ്രത്യക്ഷപ്പെട്ട് വരം കൊടുക്കുന്ന കഥകൾ നാട്ടിൻപുറങ്ങളിലും നമ്മുടെ പുരാണങ്ങളിലും സുലഭമാണ്. കഠിനതപസ്സ് അനുഷ്ഠിക്കുന്ന ഒരാളുടെ മുന്നിലേക്ക് ഒരു നാൾ ദൈവം പ്രത്യക്ഷപ്പെട്ട് ഇഷ്ടമുള്ള വരം കൊടുക്കുന്നു. ഇനി കാര്യം കുശാലാണ്, തപസിന്റെ കഷ്ടപ്പാടൊക്കെ മറന്ന് സിദ്ധിയുടെ ബലത്തിൽ ശിഷ്ടകാലം അടിച്ചുപൊളിക്കാം.

എന്നാൽ ബൈബിൾ വെളിപ്പെടുത്തുന്ന പ്രത്യക്ഷപ്പെടലുകളും അരുളപ്പാടും തികച്ചും വ്യത്യസ്തമാണ്. അവിടെ ദൈവത്തെ തപസു ചെയ്ത് പ്രീതിപ്പെടുത്തുക എന്നതിലുപരി, ദൈവം ഒരു ജീവിതത്തിന്റെ കൃപയെ തിരിച്ചറിയുകയും ദൈവം തിരഞ്ഞെടുക്കുകയും ആണ്. ഒരാൾക്ക് ഇഷ്ടമുള്ള വരം കൊടുക്കുകയല്ല, ദൈവത്തിന് ഇഷ്ടമുള്ള ഒരു ദൗത്യം ഏൽപ്പിക്കുകയാണ്. അബ്രാഹം, മോശ, ഏശയ്യ, ജറമിയ, ദാവീദ് തുടങ്ങി എല്ലാ രക്ഷാകര സംഭവങ്ങളിലും ഈ വ്യത്യാസം പ്രകടമാണ്. കഥകളിൽ വരം സ്വീകരിച്ചു കഴിഞ്ഞാൽ അത് ഉപയോഗിച്ച് തന്നിഷ്ടം നിവർത്തിച്ച്, അധികാരത്തോടും ആർഭാടത്തോടും ജീവിക്കുക എന്നതിൽ നിന്നും വിഭിന്നമായി ദൈവം ഭരമേല്പിച്ച ദൗത്യം പൂർത്തിയാക്കാനുള്ള ആത്മത്യാഗമാണ് മറ്റൊരു പ്രത്യേകത.

1. ജീവിതത്തിന്റെ നന്മയെ കാണുന്ന ദൈവം

മറിയത്തിന്റെ ലളിതമായ ബാല്യകാല ജീവിതത്തെയും അതിലെ ദൈവകൃപയുടെ നിറവിനെയും ദൈവം കാണുന്നു. ലൂക്ക 1: 26 ഇന്നത്തെ ആദ്യ വചനഭാഗം തന്നെ മറിയത്തിന്റെ ലളിത ജീവിതത്തെ സൂചിപ്പിക്കുന്നതാണ്. മറിയത്തെക്കുറിച്ചാണ് സുവിശേഷകൻ എഴുതാൻ പോകുന്നത്. ഒരു നല്ല സാഹിത്യകാരന് തന്റെ പ്രധാന കഥാപാത്രത്തെ അവളുടെ പൈതൃകത്തിന്റെ പെരുമയിൽ പരിചയപ്പെടുത്തേണ്ടതാണ്. പക്ഷേ അവൾക്ക് സ്വന്തമായൊരു മേൽവിലാസമില്ല. വിവാഹനിശ്ചയം ചെയ്തു പുരുഷന്റെ കുടുംബ മഹിമയുടെ വെളിച്ചത്തിലാണ് അവളുടെ പേരു ചേർത്ത് അവളെ പരിചയപ്പെടുത്തുന്നത്. സ്വന്തമായി അഭിമാനിക്കാൻ പേരും പ്രശസ്തിയും പൈതൃക സമ്പത്തും ഒന്നും ഇല്ലാതിരുന്ന ഈ സാധാരണക്കാരിയുടെ ജീവിതം ദൈവത്തിന്റെ ദൃഷ്ടിപഥത്തിൽ നിരന്തരം നിറഞ്ഞു നിന്നിരുന്നു.

നമ്മുടെ കൊച്ചു ജീവിതങ്ങളെ ദൈവം കാണുന്നുണ്ട്. അവിടുത്തെ ദൃഷ്ടി പഥത്തിന്റെ പരിധിയാണ് നാം എന്ന് ഓർക്കുക. നമ്മുടെ ജീവിതത്തിന്റെ നന്മകളെയും കൃപയുടെ നിറവിനെയും ദൈവം ഓർക്കുന്നുണ്ട്. 'തപസു' പോലെ ഏതെങ്കിലുമൊരു പ്രത്യേക ഭക്താഭ്യാസമല്ല ജീവിതത്തിന്റെ ആകെ ത്തുകയാണ് ദൈവം പരിഗണിക്കുക. ദൈവത്തിന്റെ ദൃഷ്ടിപഥത്തിൽ നിന്നും പുറത്തു പോകരുത് നാം ഒരിക്കലും.

നസ്രത്ത് തീരെ ചെറിയ പട്ടണമാണ്. ഏകദേശം 150 ജനങ്ങൾ മാത്രമുള്ള സ്ഥലം. പക്ഷെ ദൈവത്തിന്റെ ദൃഷ്ടി ഇത്ര ചെറിയ ഗ്രാമത്തിലെ ചെറിയ സ്ത്രീയിൽ പതിയുന്നു. ദൈവത്തിന്റെ ദൃഷ്ടിയിൽ നാം വിലയുള്ളവരാണ്.

2. ദൈവം വരം നൽകുന്നത് ദൈവത്തിന്റെ പദ്ധതി പൂർത്തിയാക്കാനാണ്.

ദൈവമാതാവാകുക എന്ന അനന്യമായ വരമാണ് മറിയത്തിന് ദൈവം നൽകുന്നത്. എന്നാൽ അത് ഈ വലിയ പദവിയുടെ അധികാരാധിപത്യങ്ങ ളിൽ വിരജിക്കാനല്ല. ദൈവപുത്രനെ ലോകരക്ഷയ്ക്കായി നൽകുക എന്ന പദ്ധതി പൂർത്തിയാക്കാനാണ്. മോശയ്ക്ക് അത്ഭുതം പ്രവർത്തിക്കാനുള്ള കഴിവു കൊടുത്തത് "മാന്ത്രികനായി" പ്രശസ്തി നേടാനല്ല; ഇസ്രായേൽ ജനത്തെ മോചിപ്പിക്കാനാണ്.

ഒരു പക്ഷേ, ദൈവത്തിന്റെ ഈ മനസ്സ് മറിയം വളരെ വേഗം മനസ്സിലാ ക്കുന്നു. ലൂക്ക 1: 32-36 വരെയുള്ള മാലാഖയുടെ വാക്കുകൾ വലിയ വാഗ്ദാ നങ്ങൾ ഉൾക്കൊള്ളുന്നതാണ്. അതൊക്കെ കേട്ടാൽ സംഗതി തരക്കേടില്ല ഒന്ന് ട്രൈ ചെയ്താലോ എന്ന് ആർക്കും തോന്നാം. സാധാരണക്കാരിയായ ഒരു സ്ത്രീ അതിനെക്കുറിച്ചുള്ള സംശയങ്ങളാവും ചോദിക്കുക. "ദാവീദിന്റെ സിംഹാസനത്തോടൊപ്പം ലോകം മുഴുവനും സാമ്രാജ്യമാകുമോ? രാജകൊ ട്ടാരം എവിടെയാകും?" അങ്ങനെയങ്ങനെ. പക്ഷെ മറിയത്തിന്റെ സംശയം, പറയുന്ന വാഗ്ദാനങ്ങൾ വച്ചു നോക്കിയാൽ തീർത്തും നിസ്സാരമാണ്. കുഞ്ഞ് പിറക്കാൻ ലൈംഗിക ബന്ധം വേണമെന്നത് അവളുടെ ചെറിയ അറിവിൽ നിന്നുള്ള സംശയമാണ്. ഇതെങ്ങനെ സംഭവിക്കും? ഞാൻ പുരുഷനെ അറി യുന്നില്ലല്ലോ?

അവളുടെ സംശയം രണ്ടു കാര്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു. ഒന്ന് അവൾ കന്യകയായ ദൈവമാതാവാണ്. രണ്ട്, ദൈവത്തിന് ഇല്ലായ്മയിൽ നിന്ന് സൃഷ്ടി നടത്താൻ കഴിയും. അവളുടെ വിചാരങ്ങൾ ലഭിക്കാൻ പോകുന്ന മഹത്വ ത്തെക്കുറിച്ചല്ല. പ്രാവർത്തികമാക്കപ്പെടേണ്ട ദൈവപദ്ധതിയെക്കുറിച്ചാണ്.

"ബലവാന്മാരായ നിങ്ങൾ ബലഹീനരെ ശക്തിപ്പെടുത്തുകയാണ് വേണ്ട ത്, അല്ലാതെ നിങ്ങളെത്തന്നെ പ്രീതിപ്പെടുത്തുകയല്ല." ദൈവം നമുക്ക് ആത്മീ യവും ഭൗതീകവുമായ വരങ്ങൾ തന്നിട്ടുണ്ടെങ്കിൽ നാം ദൈവത്തിന്റെ പദ്ധതി നടപ്പാക്കാനാണ് അവ ഉപയോഗിക്കേണ്ടത്. സത്യത്തിൽ നാം അപ്രകാര മാണോ ചെയ്യുന്നത്?

3. ദൈവം വരങ്ങൾ തരുന്നത് ആത്മസമർപ്പണത്തിനാണ്; ആത്മബലിക്കാണ്.

ചിലരെങ്കിലും പറയുകയാണ്, ആ വീട്ടിൽ നിന്നും ഇത്രയും ദൈവവിളി ഉണ്ടായിട്ടും അവരുടെ കഷ്ടപ്പാടൊന്നും മാറിയില്ലല്ലോ? ഇത്രയും സുവിശേഷ പ്രഘോഷണവും ദൈവശുശ്രൂഷയും നടത്തിയിട്ടും സമൃദ്ധിയുണ്ടാകുന്നില്ല ല്ലോ... രോഗം മാറുന്നില്ലല്ലോ..

ലൂക്കാ 1: 38 "അപ്പോൾ ദൂതൻ അവളുടെ മുൻപിൽ നിന്ന് മറഞ്ഞു." വാഗ്ദാനങ്ങളുടെ പെരുമഴ പെയ്യിച്ച് അവളുടെ സമ്മതം വാങ്ങി ദൂതൻ മറ ഞ്ഞു. ഇനിയൊരിക്കലും അവൾക്ക് കരുത്തു പകരാൻ ദൂതൻ എത്തുന്ന തായി സുവിശേഷകൻ രേഖപ്പെടുത്തുന്നില്ല. കുരിശിന്റെ ചുവട്ടിൽ നിൽക്കുന്ന മറിയത്തെയും ഇനി ഓർക്കൂ. വാഗ്ദാനങ്ങളൊന്നും നിവർത്തിയാക്കപ്പെടു ന്നത് അവൾ കാണുന്നില്ല. അവളുടെ ജീവിതം മെച്ചമായില്ല. അവളോടൊപ്പം ആരും ഇല്ല. വരങ്ങൾ സ്വീകരിച്ച് ഇനി മുതൽ നിഗളിച്ചു നടക്കാനല്ല വര ത്തിന്റെ പൂർണ്ണതയിലേക്ക് വളരാനാണ് മറിയം സമ്മതം മൂളിയത്. മകനോട് ചേർന്ന് നിൽക്കാൻ ഏത് അമ്മയാണ് ആഗ്രഹിക്കാത്തത്? പക്ഷെ അമ്മയോ ടുള്ള സ്നേഹം അവനെ കുരിശിൽ നിന്ന് പിൻതിരിച്ചേക്കാം. ഒരു വാക്ക് തിരുത്തിപ്പറഞ്ഞ് അവൻ വീട്ടിലേക്ക് മടങ്ങിയേക്കാം. അതുകൊണ്ട് അവൻ മനഃപൂർവ്വം തീർക്കുന്ന അകലത്തെ (ആരാണ് എന്റെ അമ്മ..) അവൾ സ്വീക രിക്കുകയാണ്. രക്ഷാകരമായ കുരിശുമരണത്തിൽ അർപ്പിതമാകുന്നത് അവ ളുടെ ജീവൻ കൂടിയാണ്.

"ഇതാ ഞാൻ കർത്താവിന്റെ ദാസി" എന്ന പരിശുദ്ധ മറിയത്തിന്റെ സമ്മതം കേവലം ദൈവകുമാരന് ജന്മമേകാൻ മാത്രമുള്ളതായിരുന്നില്ല. ലോകര ക്ഷയ്ക്കു വേണ്ടി തന്റെ പുത്രനോടൊപ്പം ആത്മബലി നൽകാനുള്ള സമ്മതം മൂളലായിരുന്നു. അതുകൊണ്ട് സഭ അവളെ സഹരക്ഷക എന്ന് വിളിക്കുന്നു.

ദൈവം നൽകിയ വരങ്ങളിൽ ആത്മബലിയും സമർപ്പണവും എത്രമാത്ര മുണ്ട് നമുക്ക്? വചനിപ്പു തിരുനാൾ ദൈവത്തെ ഉള്ളിൽ കുടിയിരുത്താനുള്ള പെരുനാളാണ്. അങ്ങനെ നമുക്കും സംഭവിക്കട്ടെ.

ഫാ. ഷൈജു മാത്യു മേപ്പുറത്ത് ഒ.ഐ.സി.